# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1119

03.12.2015 ൽ മറുപടിയ്ക്ക്

## അൺ എയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സാജു പോൾ | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | അൺ എയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) & | കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം 14 (എ എ) പ്രകാരം അൺ എയ്ഡഡ് സ്കൂളുകളിലെ നിയമനവും നടത്തിപ്പും സർക്കാരിന്റെ നിബന്ധനകൾക്കു വിധേയമാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓരോ വർഷവും എത്ര അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ; | (ബി) | 2009- ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സിലബസ് പിന്തുടരുന്ന വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിനായി സ.ഉ. (കൈ.) നം. 184/13/പൊ.വി.വ. തീയതി 10.06.2013 പ്രകാരം സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതനുസരിച്ച് സ്കൂളുകൾ അംഗീകാരത്തിനായി അപേക്ഷിക്കുകയും ആയത് വിദ്യാഭ്യാസ അധികാരികൾ വിശദമായി പരിശോധന നടത്തി മാനദണ്ഡങ്ങൾ പാലിച്ചിരുന്ന 395 സ്കൂളുകൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിലെ പ്രയാർ ആർ.വി.എസ്.എം. ഹയർ സെക്കന്ററി സ്കൂളിലെ എൽ.പി. വിഭാഗത്തിന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 2015 മാർച്ച് 3 - ലെ സ.ഉ. (കൈ.) നം. 863/2015/പൊ.വി. ഉത്തരവു പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള എണ്ണം ഇപ്രകാരമാണ്. |

| | | |
|---|---|---|
| തിരുവനന്തപുരം | - | 22 |
| കൊല്ലം | - | 37 |
| പത്തനംതിട്ട | - | 8 |
| ആലപ്പുഴ | - | 12 |
| കോട്ടയം | - | 13 |
| ഇടുക്കി | - | 18 |
| എറണാകുളം | - | 15 |
| തൃശ്ശൂർ | - | 26 |
| പാലക്കാട് | - | 32 |
| മലപ്പുറം | - | 80 |
| കോഴിക്കോട് | - | 46 |
| വയനാട് | - | 10 |
| കണ്ണൂർ | - | 29 |
| കാസർഗോഡ് | - | 48 |
| ആകെ | | 396 |

| | | | |
|---|---|---|---|
| (സി) | ഇതിൽ എത്ര സ്കൂളുകൾക്ക് സ്വന്തമായി കെട്ടിടവും കളിസ്ഥലവും ഇല്ലെന്ന് ജില്ല തിരിച്ച് അറിയിക്കുമോ? | (സി) | സ.ഉ. (കൈ.) നം. 184/13/പൊ.വി. തീയതി 10.06.2013 ൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ സ്കൂളുകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ